# ദൈവവും ആലയവും

## യോഹന്നാൻ 2:13-22

---

ഒരു കഥ പറഞ്ഞു കൊണ്ട് നമുക്ക് തുടങ്ങാം. നമ്മൾ എല്ലാരും ഓരോ കലഗട്ടങ്ങിലും ഓരോ വിശേഷ അവസരങ്ങളിലും ഓരോ തിരുമാനങ്ങൾ എടുക്കാറുണ്ട്. എന്നാൽ പലപ്പോഴും അത് എല്ലാം വെള്ളത്തിൽ വരച്ച തിരുമാനങ്ങൾ ആണെന്നും അത് എല്ലാം പ്രാവർത്തികം ആക്കാൻ സാധിക്കാറില്ല എന്നും അറിയാം. ഈ കഥയിലും ഒരുവൻ നല്ലവൻ ആകുവാൻ തിരുമാനിക്കുന്നു. അവൻ കുടിയൻ ആണ്. പുക വലിക്കുന്നവൻ ആണ് വ്യഭിചാരം ചെയുന്നവൻ ആണ്. അങ്ങനെ ഒരിക്കൽ അവൻ ഒരു ധ്യാനം കൂടുന്നു. ഹ്യദയത്തിൽ കൈ വെച്ച് അവനും നമ്മളെ പോലെ തിരുമാനം എടുക്കുന്നു ഇനി ഒരിക്കലും ഈ തെറ്റുകൾ ചെയുക ഇല്ല എന്ന്. പക്ഷെ സാത്താന്റെ ശബ്ദം അവന്റെ കൂട്ടുകാരന്റെ രൂപത്തിൽ പറഞ്ഞു. ഏതായാലും ഇത്രേം ആയില്ലേ. ഇനി ഈ മാസം 30-ാം തീയതി വരെ അങ്ങോട്ട് പോവട്ടെ. എന്നിട്ട് നമുക്ക് ഒരുമിച്ചു ഇത് എല്ലാം നിർത്താം.. 30-ാം തീയതി വരെ അവൻ സുഖിച്ചു. എന്നാൽ അന്ന് രാത്രി അവൻ ഒരു അപകടത്തിൽ മരിക്കുകയാണ്. അവനു നല്ലവൻ ആവാൻ സാധിച്ചോ ?? ഇല്ല. ദൈവത്തിന്റെ മകൻ ആയി മരിക്കുന്നതിനു പകരം പിശാചിന്റെ വാക്കുകൾ കേൾക്കുന്നവൻ ആയി അവൻ മരിക്കുക്കയാണ്. തിരുമാനങ്ങൾ എപ്പോളും ഉറപ്പുള്ളത് ആയിരിക്കണം. അതിൽ നിന്നും ഒരിക്കലും വ്യതി ചലിക്കരുത്.

ഇന്നത്തെ വിശുദ്ധ ഗ്രന്ഥ ഭാഗത്ത്, പ്രധാനമായും ഈശോയുടെ ശരീരം ഒരു യഥാർത്ഥ ദേവാലയം ആണ് എന്നും, തന്റെ ദേവലയതിനോട് ഉള്ള തീഷ്ണത അവിടത്തെ വിഴുങ്ങി കളയും എന്നും നമ്മളെ ഓർമിപ്പിക്കുന്നു. യേശു നമ്മളെ ഇവിടെ പഠിപ്പിക്കുന്നത് നമ്മുടെ ശരീരം ആവുന്ന ദേവാലയം ഒരു കച്ചവട സ്ഥലം ആകുവാൻ അവിടെന്ന് ആഗ്രഹിക്കുന്നില്ല എന്നാണ്. ശരീരമാകുന്ന ദൈവാലയത്തെക്കുറിച്ച് അതുപോലെ തന്നെ സഭയാകുന്ന ദൈവാലയത്തെകുറിച്ചും ആണ് നാം ഇന്ന് മനസ്സിലാകുവാൻ പോകുന്നത്.

ഒന്നാമതായി, ദൈവാലയം എന്നാൽ ദൈവത്തിന്റെ ആലയം എന്നാണ് സാധാരണ ഭാഷയിൽ നാം മനസ്സിലാക്കുക. എന്നാൽ ഈശോ ഇവിടെ അതോടൊപ്പംതന്നെ നമ്മുടെ ശരീരം ഒരു ദേവാലയം ആണ് എന്ന്കൂടെ നമ്മെ പഠിപ്പിക്കുന്നു. അതിൽ ഒരു ആത്മാവ് ഉണ്ട് കരയുന്ന, ചിരിക്കുന്ന, ചിന്തിക്കുന്ന ഒരു ജീവിനുള്ള ഒരു ദേവാലയം. അതായത് പരിശുദ്ധ ആതാമാവിന്റെ ആലയം. അവിടുത്തെ വാസകേന്ദ്രം. പലപ്പോഴും നമ്മുടെ ഉള്ളിലെ ദൈവ സൃഷ്ടിയെ കണ്ടില്ലെന്നു നടിച്ചു അത് ഒരു പാഴവ്സ്തു ആണ് എന്ന് ധരിച്ചു, അല്ലെങ്കിൽ ഒരു മാംസപിണ്ഡാമായി തെറ്റ്ധരിച്ചും നമ്മൾ ഇന്ന് ജീവിക്കുന്നു.

നമ്മുടെ ശരീരത്തെക്കുറിച്ച് വിശുദ്ധ ലിഖിതങ്ങളിൽ പല ഭാഗങ്ങളിൽ അവിടുന്ന് പറയുന്നുണ്ട് – അത് മലിനമാക്കുന്നതിനെ പറ്റി. നാം നമ്മുടെ ശരീരത്തെ പല പ്രവർത്തികളിലൂടെ അശുദ്ധം ആകാറുണ്ട്. അത് ചിലപ്പോൾ ആസക്തികൾ മൂലം ആകാം. ജഡത്തിന്റെ ആസക്തി മൂലം ആകാം, പുകവലി, മദ്യപാനം, മയക്കു മരുന്നുകൾ മൂലം ആകാം. ശരീരത്തിൽ പച്ച കുത്തുക, ശരീര ഭാഗങ്ങൾ എന്തേലും തെറ്റായ കാര്യങ്ങൾക് വേണ്ടി ഉപയോഗിക്കുക, വ്യഭിചാരം ചെയ്യുക ശരീരം ഒരു പ്രദർശന വസ്തു ആകു, black mass -ൽ പങ്കെടുക്കുക എന്നിവയെല്ലാം തെറ്റുകൾ ആണ്. ഇക്കാലത്ത് നല്ലത് ഏതാണ് ചീത്ത ഏതാണ് എന്ന് മനസിലാക്കുവാൻ വളരെയധികം ബുദ്ധിമുട്ടുണ്ട്.

രണ്ടാമതായി, ചിലപ്പോഴെങ്ങിലും മറ്റു ക്രിസ്തീയ വിശ്വാസത്തിൽ ഉള്ളവർ നമ്മോടു പറയാറുണ്ട് “നിങ്ങൾ ആഘോഷിക്കുന്ന ദിവസങ്ങൾ മുഴുവൻ തെറ്റാണു. ഈസ്റർ തന്നെ തെറ്റായി ആണ് കൊണ്ടാടുന്നത്”. അതിനു ഉദഹരണം ആയി പറഞ്ഞതും ഇന്ന് നാം വായിച്ചു കേട്ട ഈ വിശുദ്ധ ലിഖിത ഭാഗം ആണ്. യോഹന്നാൻ 2:19 . “നിങ്ങൾ ഈ

ദേവാലയം നശിപ്പിക്കുക മൂന്ന് ദിവസത്തിനകം ഞാൻ അത് പുനര്ധരിക്കും." അത് പോലെ തന്നെ മത്തായി 12:40. "യോനപ്രവാജകന്റെ അടയാളം അല്ലാതെ, മറ്റൊരു അടയാളവും അതിനു നൽകപെടുകയില്ല. യോന മൂന്ന് രാവും മൂന്ന് പകലും തിമിംങ്ങത്തിന്റെ ഉദരത്തിൽ കിടന്നത് പോലെ മനുഷ്യപുത്രനും മൂന്ന് രാവും മൂന്ന് പകലും ഭൂമിക്കുള്ളിൽ ആയിരിക്കും." ഇങ്ങനെ എല്ലാം പറഞ്ഞിട്ടു ദുഃഖ വെള്ളിയാഴ്ച കർത്താവു ഏകദേശം വൈകുന്നേരം ആവുമ്പോൾ കർത്താവു മരിക്കുന്നു. എന്നിട്ട് ഞായർ ആഴ്ച ഉയർത് എഴുന്നേൽക്കുന്നു. ഇതിൽ മൂന്ന് രാവും മൂന്നു പകലും എവിടെ ?? തിങ്കൾ അല്ലെ ഈസ്റ്റർ ? അപ്പോൾ സഭ തെറ്റല്ലേ നമ്മളെ പടിപിക്കുന്നത്. അവർ ചോദിക്കും. അപ്പോൾ നമ്മളും പറയും ശരിയാ സഭ നമ്മളെ തെറ്റായിട്ടാണ് പഠിപ്പിക്കുന്നത്.

എന്നാൽ സഭയുടെ പ്രബോധനങ്ങളും വിശ്വാസസത്യങ്ങളും സഭയുടെ ഓരോ കലഗട്ടങ്ങളിലും നടന്ന സുനഹദോസുകളിലും സഭ കാലത്തിനു അനുസരിച്ച് അല്മയർക്കും. സഭക്കും യോജിച്ച രീതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഈ പറഞ്ഞ തിരുത്തലും അതിൽ പെടുന്നു. ഇത് ഒന്നും മനസിലാക്കാതെ നമ്മൾ അവരുടെ വഴിക്ക് പോവും. പല തെറ്റായ വ്യകനങ്ങളും അവർ തരും. നമ്മൾ അതിനു അനുസരിച്ച് നമ്മുടെ ജീവിതം നയിക്കും. ഇന്ന് ഒരുപാടു പേർ ഇത് പോലെ വഴി തെറ്റിക്കുന്നവരുടെ ഇടയിൽ പെട്ട് കർത്താവിന്റെ മണവാട്ടി ആയ സഭയെ വിടുകയും അവസാനം കർത്താവിനെ തന്നെ വിടുകയും ചെയുന്നു. കുറെ പേർ തെറ്റായ പഠിത്തം നടത്തി ഇന്റർനെറ്റിലും മറ്റു പുസ്തകല്ങ്ങളും വായിച്ചു തെറ്റായ വഴിക്ക് നയിക്കപെടുന്നു. മനസിലാക്കുക ദൈവജനതയെ വഴി തെറ്റിക്കാൻ ഒരു പാട് വെബ്സൈറ്റ്കളും പുസ്തകങ്ങളും ഇന്നുണ്ട്. ഗൂഗിൾ എന്ന് പറയുന്നത് ഒരു അവസാന വാക്ക് ആയി ആണ് ഇന്ന് പലരും കാണുന്നത്.

ദൈവത്തിന്റെ വചനങ്ങൾ പറഞ്ഞുതന്നെ വഴി തെറ്റിക്കുവാൻ ഒരുപാടു പേർ വരും. അവിടുന്ന് പറയുന്നുണ്ട് അവസാന നാളുകളിൽ നമ്മളെ വഴി തെറ്റിക്കാൻ അനേകം അന്ത്യക്രിസ്തുക്കൾ വരും. അത് വിവേജിച്ചു അറിയണം. കാലത്തിന്റെ മാറ്റത്തിന് അനുസരിച്ച് സഭ നൽകുന്ന ഉത്തരവുകളും പ്രബോധനങ്ങളും മന്സിലാക്കുക. അത് വൈദികരുടെയും കന്യസ്ത്രികളുടെയും മാത്രം ആണ് എന്ന തെറ്റായ ധാരണ എടുത്തു കളയുക. ഇത് എല്ലാം സഭയുടെ നന്മയ്ക്കായി ദൈവം നമുക്ക് തധവസരങ്ങളിൽ നൽകുന്നതു ആണ്. കാലത്തിന്റെ മാറ്റത്തിന് അനുസരിച്ച് സഭ നമുക്ക് തരുന്ന സന്ദേശം നമ്മളെ നേർ വഴിക്ക് നൽകുവാൻ മാത്രം ഉതകുന്നതു ആണ് സാത്താൻ പല തന്ത്രങ്ങളും പ്രയോഗിക്കും ആട്ടിൻ തോലിട്ട ചെന്നായ് ആയി അവൻ വരും. നമ്മുടെ ആലയത്തെ സംരക്ഷിക്കണ്ടത് നമ്മുടെ കടമയാണ്.

ഇനി നമുക്ക് സുവിശേഷതിലേക്കു തിരിച്ചു വരാം. യോഹന്നാന്റെ സുവിശേഷ ഭാഗങ്ങളിൽ അദ്ദേഹം യേശുവിന്റെ ദേവാലയ വിശുധീകര്നത്തെ കുറിച്ച് പറയുമ്പോൾ ദൈവശാസ്ത്ര പരമായ ലക്ഷ്യങ്ങൾ ഉണ്ട്. നമ്മുടെ ദേവാലയങ്ങളിൽ നിന്നും വിത്യസമായി ഏകാഗ്രമായി പ്രാർത്ഥിക്കുവാൻ ഉള്ള ഒരു ആലയം ആയല്ല യഹൂദർ അതിനെ കണ്ടിരുന്നത്. ലേവ്യരുടെ പുസ്തകം അനുസരിച്ച് മനുഷ്യൻ തന്റെ പാപങ്ങൾക്ക് പരിഹാരമായി വിവിധങ്ങളായ ബലി അർപ്പിക്കണം എന്ന് ദൈവം കൽപ്പിച്ചിരുന്നു. ബലി അർപ്പിക്കുന്നതിലുടെയാണ് ദൈവവും മനുഷ്യനും രമ്യതപെട്ടിരുന്നത്. ഇങ്ങനെ തലമുറകളോളം നിലനിന്ന് വന്നിരുന്ന ആചാരം ആണ് ഇന്നത്തെ സുവിശേഷഭാഗത്തിൽ കർത്താവു ശുധികരിക്കുന്നത്.

യോഹന്നാന്റെ വീഷ്ണതിൽ ക്രിസ്തു ആണ് പുതിയ ദേവാലയം. ക്രിസ്തു തന്നെ ആണ് പാപപരിഹാരത്തിന് ഉള്ള പുതിയ ബലി മൃഗവും. ക്രിസ്തുവിൽ ആണ് ഇനി മുതൽ ജനംദൈവ സാനിദ്ധ്യം അനുഭവിക്കേണ്ടത്. യേശുവിന്റെ കുരിശു മരണത്തോടെ അന്ന് വരെ നില നിന്നിരുന്ന പഴയ ബലികൾക്ക് അല്ലെങ്കിൽ പഴയ ദേവാലയത്തെ നില നിർത്തിയിരിക്കുന്ന സംവിധാനങ്ങൾ പൂർത്തിയാവുകയാണ്.

ചോദിക്കുന്നവന് കൊടുക്കുന്നവൻ ആണ് നമ്മുടെ പിതാവ്. നമ്മൾ ഇന്ന് ദേവാലയത്തിൽ പോയാൽ പ്രാർത്ഥിക്കുന്നത് എന്താണ്. കടങ്ങൾ തീർക്കണേ. . നല്ല വീട് ഉണ്ടാക്കുവാൻ സഹായിക്കണേ. ഭൗതിക കാര്യങ്ങൾ അല്ലാതെ നാം അത്മീയ കാര്യങ്ങൾ ചോദിച്ചിട്ടുണ്ടോ? ചോദിക്കുക അവിടുന്ന് തരും. അപ്പോൾ നിങ്ങളുടെ വേവലാതികൾ തീർന്നു കൊള്ളും. നമ്മുടെ ശരീരമായ ദേവാലയം നില കൊള്ളുന്നത് അല്മാവിനു വേണ്ടിയാണു. നമ്മൾ എപ്പോളും നില കൊള്ളുന്നത് ശരീരത്തിന്റെ ദുരാശ്കൾക്ക് വേണ്ടി ആണ്. ശരീരത്തിനെ്റയും സഭയുടെയും നെടുംതൂണും ശക്തിയും ആയ പരിശുദ ആത്മാവിനെ്റ കൂടുതൽ ആയ നിറവിന് ആയി എന്നും പ്രാർത്ഥിക്കുക.

പരിശുദ്ധ ആത്മാവിനെ്റ നിറവു ലഭിച്ചാൽ നമ്മുടെ ശരീരമാകുന്ന ദൈവാലയവും സഭ ആകുന്ന വലിയ ദൈവാലയത്തെയും സ്നേഹിച്ചു ജീവിക്കാൻ ഓരോ ക്രിസ്തുശിഷ്യനും സാധിക്കും. ആല്മാവിന്റെ നിയന്ത്രണം ഇല്ലാതെ വചനം ഒരു കച്ചവട ചരക്കു ആക്കി മാറ്റുകയും തെറ്റായ നിർദേശങ്ങൾ നൽകുകയും ചെയുന്ന ക്രിസ്തുവിന്റെ ആലയം നശിപ്പിക്കുന്നവരെ തിരിച്ചറിയുക. സഭയിലും ദേവാലയങ്ങളിലും നമ്മുടെ ശരീരങ്ങളിലും ദൈവസാനിദ്ധ്യം കണ്ടെത്തുവാൻ ശ്രമിക്കുക. തെറ്റായതു ഒന്നും പരിശുധൽമവിന്റെ പ്രബോധനങ്ങൾ അല്ല എന്നും മനസിലാക്കുക.

Mr. Riyesh Pulikkottil – Dubai, Palghat Diocese